No.10/2018/SRG/LSGD(5)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.2018-ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

യോഗം രാവിലെ 11.30-മണിക്ക് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം ഹാജർ രജിസ്റ്റർ പ്രകാരം.

### 1.പൊതു അവലോകനം

2018-19-ലെ ആകെ പദ്ധതി ചെലവ് 14.08 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 15.79 ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് പത്തനംതിട്ട ജില്ലയിലും (21.16 ശതമാനം) ഏറ്റവും കുറവ് പാലക്കാട് ജില്ലയിലുമാണ് (12.83 ശതമാനം). വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 14.37 ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | 15.05 ” |
| ജില്ലാ പഞ്ചായത്ത് | 11.83 ” |
| മുനിസിപ്പാലിറ്റി | 16.21 ” |
| കോർപ്പറേഷൻ | 11.64 ” |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | | |
|---|---|---|---|
| പത്തനംതിട്ട | 21.16 ശതമാനം | കാസറഗോഡ് | 14.11 ശതമാനം |
| മലപ്പുറം | 16.35 ” | കോട്ടയം | 13.98 ” |
| തൃശ്ശൂർ | 15.31 ” | കോഴിക്കോട് | 13.76 ” |
| ആലപ്പുഴ | 15.26 ” | വയനാട് | 13.50 ” |
| എറണാകുളം | 14.83 ” | തിരുവനന്തപുരം | 13.10 ” |
| കണ്ണൂർ | 14.65 ” | കൊല്ലം | 12.83 ” |
| ഇടുക്കി | 14.24 ” | പാലക്കാട് | 12.23 ” |

ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പത്തു ജില്ലയിലെ അവലോകനം പൂർത്തിയായി. ശേഷിക്കുന്ന നാലു ജില്ലകളിലേയും ഉടനെ പൂർത്തിയാകും. ഇതേ തുടർന്ന് വകുപ്പുമേധാവികളുടേയും ജില്ലാ ആസൂത്രണസമിതികളുടേയും നേതൃത്വത്തിൽ പദ്ധതി നിർവ്വഹണം അവലോകനം നടത്തണം. വകുപ്പു മേധാവികളും ജില്ലാ കളക്ടർമാരും ഇതു പ്രത്യേകം ശ്രദ്ധിക്കണം.

### 2.തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടിക്ക് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി

നൽകിയ കരട് മാർഗ്ഗരേഖ അംഗീകരിച്ച കൊണ്ടുള്ള ഉത്തരവ് ഉടനെ ഇറക്കുന്നതാണ്.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ധനകാര്യ വകുപ്പ്

## 2.1 02.05.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.2**

2017-18 വർഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് വളരെ മികച്ചതാണ്. എന്നാൽ ചില വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥൻമാരുടെ പദ്ധതി ചെലവ് വളരെ കുറവാണെന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018, 21.03.2018 എന്നീ യോഗങ്ങളിൽ വിലയിരുത്തിയിരുന്നു. ഈ വകുപ്പുകളും ഉദ്യോഗസ്ഥൻമാരും ഏതൊക്കയാണ് എന്നത് സംബന്ധിച്ച വിവരം വകുപ്പുമേധാവികൾക്ക് നൽകിയിട്ടുണ്ടെന്ന് ഐ.കെ.എം. പ്രതിനിധി അറിയിച്ചു. പദ്ധതി ചെലവ് കുറവ് വരുത്തിയ വകുപ്പിന്റെ മേലധികാരികളുടെ ശ്രദ്ധയിൽ ഇതുപെടുത്താനും ഇത്തരം വകുപ്പുമേധാവികളുടെ യോഗം അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ച ചേർത്ത് 2018-19-ലെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ വേണ്ട നിർദ്ദേശം നൽകണം. ഇതിന് വേണ്ട വിവരങ്ങൾ അഡീഷണൽ ചീഫ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ

## 2.2 06.06.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 4.7**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.04.2018-ലെ കത്ത്**

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകൾ, വാർദ്ധക്യകാല ശുശ്രൂഷ എന്നീ മേഖലയിൽ തൊഴിൽ നേടാൻ സഹായകമായ ഹോം നേഴ്സിംഗ് ആന്റ് ഹെൽത്ത് കെയർ പരിശീലന പരിപാടി നടത്തുന്നതിനുള്ള സ്ഥാപനമായി കോഴിക്കോട് പ്രവർത്തിക്കുന്ന പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ (PRTC) യെ അംഗീകരിക്കണമെന്നു സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായ മാരാഞ്ഞ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകി. ആരോഗ്യ വകുപ്പ ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

1) പ്രൊപ്പോസലിൽ പരാമർശിച്ചിരിക്കുന്ന കോഴ്സിന്റെ പാഠ്യ പദ്ധതി വിപുലീകരിക്കേണ്ടതാണ്.
2) ''Clinical Experence'' ന്റെ ആവശ്യകത കൂടി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട താണ്.

3) "Technical Executive Committee കളിൽ ജില്ലാ മെഡിക്കൽ ഓഫീസറെ ഉൾപ്പെടുത്തേണ്ടതാണ്.
4) സർക്കാരിൽ നിന്നും അംഗീകാരം ആവശ്യമായി വരുന്ന സാഹചര്യത്തിൽ പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.
5) ഉദ്യോഗാർത്ഥികൾക്ക് Hepatitits B Vaccine എടുക്കേണ്ടതാണ്.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**ഖണ്ഡിക4.8**

**വിജയപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.04.2018-ലെ A1-10220/17-ാം നമ്പർ കത്ത് ( LSGD - DB1/332/2018- LSGD)**

പഞ്ചായത്തിലെ 17-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കൊല്ലക്കൊമ്പ് SC കോളനിയിലെ വീടുകൾ അപകടാവസ്ഥയിൽ ആയതിനാൽ ഇവർക്ക് പുതിയ വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച് പട്ടികജാതി വികസന ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകി. വീടുകൾ ജീർണ്ണിച്ച അവസ്ഥയിലായ തിനാൽ പുതിയ ഭവനം അനുവദിക്കുന്നതാണ് നല്ലതെന്ന് പട്ടികജാതി വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതു കൂടി പരിഗണിച്ച് താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം:-** ലൈഫ് ഗുണഭോക്തൃ ലിസ്റ്റിലെ മുഴുവൻ ആളുകൾക്കും ഭവനം നിർമ്മിച്ചു നൽകുന്നതിന് മതിയായ തുക (20%) മാറ്റി വച്ചതിനുശേഷം മുകളിൽ പ്രതിപാദിച്ച ഗുണഭോക്താക്കൾക്ക് പുതിയ ഭവനം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**ഖണ്ഡിക 4.15**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2017-ലെ A4-2898/17-ാം നമ്പർ കത്ത് (LSGD - DB1/20/2018/-LSGD)**

ആറളം പരിപ്പ് തോട് എന്ന സ്ഥലത്ത് 24 ഏക്കർ സ്ഥലത്ത് 24പട്ടിക വർഗ്ഗ കുടുംബങ്ങളെ 2006-07 -ൽ പുനരധിവസിപ്പിച്ചിരുന്നു. 11 വർഷം മുമ്പ് പൂർത്തീകരിച്ച ഈ വീടുകൾ വാസയോഗ്യമല്ല. ഇവ വാസയോഗ്യമാക്കി അധികമായി ഒരു മുറി കൂടി നിർമ്മിക്കുന്നതിന് 3,60,000/- രൂപ വീതം ഒരു വീടിന് ആവശ്യമാണെന്ന് ആറളം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. (2017-18-ൽ 49 .00 ലക്ഷം രൂപ ഇതിനായി വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു). ഈ വീടുകളിൽ 11 എണ്ണം അറ്റകുറ്റപ്പണി നടത്താൻ അനുമതി സംബന്ധിച്ച് പരിശോധിച്ച് പട്ടിക വർഗ്ഗ വികസന ഡയറക്ടറുടെ റിപ്പോർട്ട് അഞ്ചു ദിവസത്തിനകം നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) പട്ടികവർഗ്ഗ വികസന ഡയറക്ടർ

**ഖണ്ഡിക 4.29**

**ആലപ്പുഴ നഗരസഭാ ചെയർമാന്റെ 20.01.2018-ലെ കത്ത്**

നഗരസഭയുടെ ഇലക്ട്രിക് വേലകളുടെ പ്രോജക്ടുകൾക്ക് (10 ലക്ഷത്തിലധികമുള്ള പ്രവൃത്തികൾ) സാങ്കേതികാനുമതിക്കായി പി. ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിന് അഡ്വാൻസായി സെന്റേജ് നൽകണമന്ന് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടതനുസരിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇത്തരം പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനും മറ്റും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ സാമ്പത്തിക പരിധി 20.00 ലക്ഷമായി ഉയർത്താവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിലെ കമ്മിറ്റിക്ക് 20.00 ലക്ഷംവരെയുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകാൻ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

**2.3 27.06.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.5**

ലോക ബാങ്ക് വിഹിതം ഉപയോഗിച്ച് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ 2018 മാർച്ച് 31-നകം പ്രോജക്ടുകൾ പൂർത്തിയാക്കിയെങ്കിലും തുക നൽകിയിട്ടില്ല. ഇത്തരം പ്രോജക്ടുകൾ താഴെപ്പറയും പ്രകാരം രണ്ട് ഘട്ടത്തിലാണ്.

(i) പ്രോജക്ട് പൂർത്തിയാക്കി ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ നൽകി. എന്നാൽ തുക മാറി ലഭിച്ചില്ല. അവ 'ക്യൂ' ബില്ലുകളായി മാറ്റി വച്ചിരിക്കുന്നു.

(ii) പ്രോജക്ടുകൾ പൂർത്തിയാക്കിയെങ്കിലും ബില്ലുകൾ തയ്യാറാക്കിയില്ല. ഇവ 'ക്യൂ' ബിൽ ഗണത്തിൽപ്പെടുന്നില്ല.

ധനവകുപ്പിനു കൈമാറുന്നതിനായി ഇതിന്റെ വിശദവിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും ശേഖരിച്ചിട്ടുണ്ടെന്ന് യോഗത്തിൽ അറിയിച്ചു. 'ക്യൂ' ബിൽ ഗണത്തിൽപ്പെടാത്തവയുടെ ലിസ്റ്റ് പരിഗണനയ്ക്കായി ധനവകുപ്പിന് നൽകാൻ തീരുമാനിച്ചു.

നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

**ഖണ്ഡിക 3.8 (ii)**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെ വെറ്റിംഗ് , സാങ്കേതികാനുമതി . ജില്ലാ ആസൂത്രണസമിതി അംഗീകാരം എന്നിവ കഴിഞ്ഞതിനുശേഷമാണ് നിർവഹണം നടത്തി ബിൽ സാംഖ്യ വഴി എടുത്ത് തുക നൽകേണ്ടത്. എന്നാൽ ഇപ്പോൾ വെറ്റിഗ്, സാങ്കേതികാനുമതി എന്നിവയ്ക്കുശേഷം ജില്ലാ ആസൂത്രണ സമിതിക്കു സമർപ്പിക്കാതെ പ്രോജക്ടുകൾക്ക് സാംഖ്യ വഴി ബിൽ തുക നൽകുവാൻ കഴിയും. ഈ അപാകത അടിയന്തിരമായി പരിഹരിക്കണം

നടപടി :- നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

ഖണ്ഡിക 4.3

**പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 04.06.18 -ലെ കത്തും 31.05.2018 2(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

ഇ.എം.എസ് സ്പോർടസ് ആന്റ് ഗെയിംസ് അക്കാദമിയെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ കായിക പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിനുള്ള അക്രഡിറ്റഡ്/നോഡൽ ഏജൻസിയായി നിശ്ചയിക്കുന്നതിന് അനുവാദം നൽകണമെന്നതു സംബന്ധിച്ച് ഈ അക്കാദമിയുടെ പ്രവർത്തനം പത്തനംതിട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) പരിശോധിച്ച് റിപ്പോർട്ട് നൽകണം.

നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), പത്തനംതിട്ട

ഖണ്ഡിക 4.4

**പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 02.05.2018 -ലെ കത്തും10.04.2018-ലെ 2(3)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 361/18)**

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കലഞ്ഞൂർ, ഏനാദിമംഗലം, ഏഴംകുളം, കൊടുമൺ എന്നീ ഗ്രാമപഞ്ചായത്തുകളിലെ കൃഷി ഭൂമിയെ കാട്ടുപന്നികളുടെ ശല്യത്തിൽ നിന്ന് രക്ഷിക്കുന്നതിന് വേലി കെട്ടുന്നതിന് 64,00,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ആദ്യഘട്ടമെന്ന നിലയിൽ ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ മാത്രം നടപ്പാക്കാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഈ വർഷം പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. മുകളിൽ പറഞ്ഞ 4 ഗ്രാമപഞ്ചായത്തുകളിലും നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ട് അത് വിജയമാണെങ്കിൽ പരിശോധിച്ചിട്ട് മറ്റ് പഞ്ചായത്തിൽ കൂടി വ്യാപിപ്പിക്കുക എന്നതായിരുന്നു കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം. ഈ പദ്ധതി നടപ്പാക്കിയ ഗ്രാമപഞ്ചായത്തിനു ലഭിച്ച ഗുണഫലം സംബന്ധിച്ച് റിപ്പോർട്ട് പത്തനംതിട്ട ജില്ലാ കളക്ടർ നൽകണം

1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്
2) ജില്ലാ കളക്ടർ, പത്തനംതിട്ട

ഖണ്ഡിക 4.18

**ഗ്രാമവികസന കമ്മീഷണറുടെ 09.04.2018-ലെ 4377/DP5/2018/CRD നമ്പർ കത്തും പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16.02.2018-ലെ B- 1626/15-ാം നമ്പർ കത്തും**

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി 2015-16-ൽ '' ഡോക്യുമെന്ററി തയ്യാറാക്കൽ'' എന്ന പേരിൽ (പ്രോ.നം. 88/16, അടങ്കൽ 85,000/- രൂപ. തനത് ഫണ്ട്) ഡോക്യുമെന്ററി തയ്യാറാക്കി. ജില്ലാ ആസൂത്രണ സമിതി അനുമതിയോടെയല്ല പ്രോജക്ട് നടപ്പാക്കിയത്. പിന്നീട് പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അനുമതി വാങ്ങുകയായിരുന്നു. സർക്കാർ അനുമതിയും വാങ്ങിയിരുന്നില്ല. ഈ കാരണങ്ങളാൽ ഡോക്യുമെന്ററി തയ്യാറാക്കിയ ആളിന് തുക നൽകിയില്ല. തുക നൽകാൻ അനുമതി

സംബന്ധിച്ച്. ഡോക്യുമെന്ററി അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകണം എന്ന് നിർദ്ദേശിച്ചിരുന്നു.

നല്ല രീതിയിലാണ് ഡോക്യുമെന്ററി തയ്യാറാക്കിയിരിക്കുന്നതെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചു. തുക നൽകാൻ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

## 3. പൊതുവിഷയങ്ങൾ

==================

3.1 കൃഷി ആവശ്യത്തിന് ജൈവവളം, വളർച്ചാത്വരകങ്ങൾ, ജീവാണുവളങ്ങൾ, രാസവളം എന്നിവയ്ക്ക് സബ്സിഡി നൽകാൻ മാർഗ്ഗേരഖപ്രകാരം അനുമതി നൽകിയിട്ടുണ്ട്. പല സഹകരണ സംഘങ്ങൾക്കും രാസവളം വിതരണം ചെയ്യുന്ന സെന്ററുകൾ ഉണ്ട്. ഇത്തരം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് രാസവളങ്ങൾ കൃഷി ആവശ്യത്തിനു വാങ്ങാവുന്നതാണ്. ഇങ്ങനെ വളം വാങ്ങിയതിനുശേഷം ഒറിജിനൽ ബിൽ ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി മാർഗ്ഗരേഖയിൽ പറയുംപ്രകാരം അനുവദനീയ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. വളം കൃഷി ആവശ്യത്തിന് ഗുണഭോക്താവ് ഉപയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

3.2 2018-19-ലെ വാർഷിക പദ്ധതി സ്പിൽഓവർ പ്രോജക്റ്റുകൾ കൂടി ഉൾപ്പെടുത്തി അന്തിമമാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാനുള്ള അവസാന തീയതി 15.07.2018 ആയിരുന്നു. അപൂർവ്വം തദ്ദേശഭരണ സ്ഥാപനങ്ങൾ ഒഴിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അന്തിമ വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. എന്നാൽ വാർഷിക പദ്ധതി ഭേദഗതിക്ക് ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റിൽ നിന്ന് അനുമതി വാങ്ങുകയും തിരികെ ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാൻ കഴിയാത്തതുമായ തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.ആർ.ജി. മുഖേന ഐ.കെ.എം.നെ അറിയിക്കുന്ന മുറയ്ക്ക് അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കു മാത്രം അതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യുന്നതാണ്. ഇവ എസ്.ആർ.ജി. ഓഫീസിൽ പരിശോധിച്ച് ഐ.കെ.എം.ന് നൽകേണ്ടതാണ്. കാലതാമസമൊഴിവാക്കി ഈ നടപടിക്രമം പൂർത്തിയാക്കേണ്ടതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
3) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

3.3 ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായുള്ള ഭവന നിർമ്മാണ പദ്ധതിക്ക് കുടുംബശ്രീ ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നുണ്ട്. ഇത്തരം യൂണിറ്റുകൾക്ക് ഇപ്പോൾ മിക്സിംഗ് മെഷീൻ സ്വന്തമായില്ല. ഇത്തരം യൂണിറ്റുകൾക്ക് ആറു മാസത്തേയ്ക്ക് മിക്സിംഗ് മെഷീൻ വാടകയ്ക്ക് എടുക്കാവുന്നതാണ്. വാടക നൽകുന്നതിന് തനത് ഫണ്ട് ഉപയോഗിക്കേണ്ടതാണ്. തനത്ഫണ്ട് ഇല്ലായെങ്കിൽ വികസനഫണ്ട് ഉപയോഗിക്കാവുന്നതാണ്.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

3.4 ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥശാലകളുടെ പുനർ നിർമ്മാണം, റിപ്പയറിംഗ് എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന് ലൈബ്രറി അധികാരികൾ അനുമതി നൽകികൊണ്ടുള്ള കരാർ മതി. സ്ഥലം തദ്ദേശഭരണ സ്ഥാപനത്തിന് വിട്ടു നൽകണമെന്നില്ല.

നടപടി:-1) തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

## 4. പ്രത്യേക വിഷയങ്ങൾ

====================

### 4.1 മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത്

**കാസറഗോഡ് ജില്ലാ കളക്ടറുടെ 29.06.2018-ലെ 475/2018/DPC/DPO/KSD നമ്പർ കത്തും മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.06.2018-ലെ കത്തും (SRG 404/18)(DD2/343/18/LSGD)**

പഞ്ചായത്തിലെ 23 അങ്കണവാടികളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം നൽകുന്നതിന് 2,75,000/-രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നു. (വികസനഫണ്ട് 20,000/- രൂപ) തനത് ഫണ്ട് 1,80,000/ രൂപ, സംഭാവന 75,000/- രൂപ) DPC പ്രോജക്ടിന് അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

നടപടി:-തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

### 4.2 കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

**കാസറഗോഡ് ജില്ലാ കളക്ടറുടെ 29.06.2018 -ലെ 475/2018/DPC/DPO/KSD/ നമ്പർ കത്തും കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21.06.2018-ലെ - 2456/17- ാം നമ്പർ കത്തും(SRG/404/18)**

(i) അങ്കണവാടി കുട്ടികൾക്ക് യൂണിഫോം വിതരണം (പ്രോ.നം. 41/19 അടങ്കൽ 10,10,300/- രൂപ - വികസനഫണ്ട്) എന്ന പ്രോജക്ടിന് DPC അംഗീകാരം ലഭിച്ചില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

(ii) പെൺകുട്ടികൾക്ക് തായ്ക്കൊണ്ട പരിശീലനം (പ്രോ.നം. 52/19 അടങ്കൽ, 10,00,000/- രൂപ - വികസന ഫണ്ട്) എന്ന പ്രോജക്ടിന് DPC അനുമതി ലഭിച്ചിട്ടില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഗെയിംസ് ഫെസ്റ്റിവലിന് പ്രോജക്ട് വച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം, മുകളിൽ പറഞ്ഞ പരിശീലനത്തിന്റെ വിശദാംശം എന്നിവയടക്കം സമർപ്പിക്കണം. ഇവ സമർപ്പിക്കുന്ന മുറയ്ക്ക് പിന്നീട് തീരുമാനമെടുക്കും.

നടപടി:-തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

## 4.3 ശുചിത്വമിഷൻ

**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.06.2018-ലെ കുറിപ്പ് (SRG 309/18)**

ശുചിത്വ മിഷൻ മേഖലയിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ നിർബന്ധമായി വകയിരുത്തൽ നടത്തിയിട്ടുണ്ട്. പുതിയ മാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് ഈ തുക ഉപയോഗിക്കുന്നതോടൊപ്പം നിലവിലെ പ്ലാന്റുകളുടെ ഓപ്പറേഷൻസ് & മെയിന്റനൻസിനു കൂടി പ്രോജക്ട് എടുക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.4 അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.07.2018-ലെ 1257/2018/ROI / DPM/ നമ്പർ കത്തും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.07.2018-ലെ കത്തും (SRG 451/18)**

ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ ''താന്ന്യം ഗ്രാമപഞ്ചായത്ത് പെരിങ്ങോട്ടുകര അസോസിയേഷൻ'' എന്ന സൊസൈറ്റി താന്ന്യം ഗ്രാമപഞ്ചായത്തിൽ ഒരു ഡയാലിസിസ് സെന്റർ ആരംഭിച്ചിട്ടുണ്ട്. 4 വർഷമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 9 മെഷീൻ ഉണ്ട്. ഡയാലിസിസ് സൗജന്യമായാണ് ചെയ്യുന്നതെന്നറിയിച്ചിട്ടുണ്ട്. ഈ സൊസൈറ്റിക്ക് രണ്ട് ഡയാലിസിസ് മെഷീനും അനുബന്ധ സൗകര്യവും ഒരുക്കുന്നതിന് 14.00 ലക്ഷം രൂപ (പ്രോ.നം. 74/19-വികസനഫണ്ട്) വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇതിന്മേൽ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭിപ്രായം ആരാഞ്ഞ് റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർ നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ഗ്രാമവികസന കമ്മീഷണർ**

## 4.5 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.2018-ലെ കത്ത്**

(i) ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. പദ്ധതിയിൽ മിച്ചം വന്ന പലിശ തുക ഉപയോഗിച്ച് മാരക രോഗം ബാധിച്ചവർ , ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങൾ എന്നിവർക്ക് ഭവനം നിർമ്മിച്ചു നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതിയോടെ പ്രോജക്ട് നടപ്പാക്കുന്നുണ്ട്. 28 ഗുണഭോക്താക്കൾക്ക് 2.00 ലക്ഷം രൂപ നിരക്കിൽ. ഈ നിരക്ക് 4.00 ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും ഇതിനുള്ള തുക ഐ.എ.വൈ അക്കൗണ്ടിലെ മിച്ചമുള്ള തുകയിൽ നിന്നും ഉപയോഗിക്കാനും അനുമതി സംബന്ധിച്ച്.

**തീരുമാനം :-** യൂണിറ്റ് നിരക്ക് 4.00 ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും ഐ.എ.വൈയുടെ മിച്ചം തുക ഉപയോഗിക്കാനും അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

(ii) മുകളിൽ പറഞ്ഞ വിഭാഗത്തിൽപ്പട്ടവർക്ക് വരുമാന പരിധി ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** മാർഗ്ഗരേഖ പ്രകാരമുള്ള വരുമാന പരിധി (3.00 ലക്ഷം രൂപ) പാലിക്കണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.6 പിറവണ്ണൂർ ഗ്രാമപഞ്ചായത്ത്

**പിറവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.06.2018-ലെ A1-4973/17- ാം നമ്പർ കത്ത് (SRG/383/18)**

2017-18-ൽ ലോക ബാങ്ക് വിഹിതം ഉപയോഗിച്ച് അലിമുക്ക് പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് സോളാർ പാനലിംഗ്, ഇലക്ട്രിഫിക്കേഷൻ, നെറ്റ് വർക്കിംഗ് എന്നിവയ്ക്ക് പ്രോജക്ട് തയ്യാറാക്കിയിരുന്നു. (പ്രോ.നം. 334/18- അടങ്കൽ 10,26,860/- രൂപ.) ഈ പ്രോജക്ടിൽ 3,78,663/ രൂപയുടെ പാർട്ട് ബിൽ തയ്യാറാക്കി ട്രഷറിയിൽ നൽകിയെങ്കിലും ‘‘ ക്യൂ’’ ലിസ്റ്റിൽപ്പെടുത്തി. ലോക ബാങ്ക് വിഹിതം ട്രഷറിയിൽ ഇല്ലാത്തതിനാൽ ഈ തുക തനതു ഫണ്ടുപയോഗിച്ച് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.7 ളാലം ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ കളക്ടറുടെ 10.07.2018-ലെ 490/18/DPC/KTM /നമ്പർ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06.07.2018-ലെ B/S 21/2018-ാം നമ്പർ കത്തും (SRG447/18)**

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ മുത്തോലി ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ക്ലീൻ കേരള കമ്പനി മുഖേനയാണ് സ്ഥാപിച്ചത്. ഈ യൂണിറ്റിലെ ജീവനക്കാരുടെ വേതനം, കറണ്ട് ചാർജ്ജ് എന്നിവയ്ക്കായി 1,00,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം.21/19). ഈ പ്രോജക്ടിന് നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാ സമിതി അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം:-** ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ വരവും ചെലവും പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കുന്നതാണ്

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

4.8 കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്

**പഞ്ചായത്ത് ഡയറക്ടറുടെ 07.04.2018-ലെ G1-3718/18 -ാം നമ്പർ കത്തും കോഴഞ്ചേരി ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 29.12.2017-ലെ C2 - 101/2017-ാം നമ്പർ കത്തും (LSGD - DB3/113/2018- LSGD)**

വാഹനം വാടകയ്ക്കെടുത്താണ് പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി വീടുകളിലെത്തി ചികിത്സാ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിനായി 1,82,400/ രൂപ ഓരോ വർഷവും ചെലവാകുന്നു. ഇതിനു പകരമായി ഒരു പുതിയ വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. വാഹനം വാടകയ്ക്ക് എടുക്കുന്ന രീതി തുടരേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.9 നെന്മണിക്കര ഗ്രാമപഞ്ചായത്ത്-

**നെന്മണിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.05.2018-ലെ B - 6003/17-ാം നമ്പർ കത്തും 30.12.2017-ലെ 1 (2)-ാം നമ്പർ ഭരണസമിതി തീരുമാനവും ( SRG 276/18)**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.02.2016-ലെ യോഗത്തിൽ റോഡ് പുറമ്പോക്ക് ഒഴികെയുള്ള സ്ഥലങ്ങളിൽ റേഷൻ കാർഡും വീട്ടു നമ്പറും ഉള്ള വീടുകളുടെ പുനഃരുദ്ധാരണത്തിനും കിണർ, കക്കൂസ് നിർമ്മാണം എന്നീ പദ്ധതികൾക്കും സഹായം നൽകുന്നതിനും അനുമതി നൽകിയിരുന്നു. ഇതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് നൽകണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.10 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

**പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.05.2018-ലെ കത്ത് (SRG - 425/18)**

മത്സ്യതൊഴിലാളികൾക്ക് വള്ളവും വലയും നൽകുന്നതിന് 10,00,000/- രൂപയുടെ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. (പ്രോ.നം. 20/19) ഈ പ്രോജക്ട് 100 ശതമാനം സബ്സിഡിയോടെ നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** 04.02.2018-ലെ 22/18/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 6.3(6)-ലെ സബ്സിഡി നിരക്ക് 75% മായി വർദ്ധിപ്പിക്കുന്നു. എന്നാൽ പരമാവധി സബ്സിഡി തുക 30,000/- രൂപയായി പരിമിതപ്പെടുത്തണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.11 റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2018-ലെ ROI - 415/2018/DPC/DPO/PTA നമ്പർ കത്തും റാന്നി -അങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.06.2018-ലെ C2/4606/18(1) നമ്പർ കത്തും(SRG/436/18)**

2017-18-ൽ വലിയ കാവ് മണ്ണാറത്തറ തളിമൺ കുടിവെള്ള പദ്ധതി (പ്രോ.നം. 36/18 - അടങ്കൽ 45.00 ലക്ഷം രൂപ) എന്ന പ്രോജക്ട് കാറ്റഗറി 1 - സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്താൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.12 ശുചിത്വ മിഷൻ**

**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.07.2018-ലെ കുറിപ്പ്**

മതിയായ സാമ്പത്തിക സ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിലവിൽ ഫലപ്രദമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് തടസ്സം നേരിടുന്നതിനാൽ 100 ശതമാനം സർക്കാർ ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിൽ ശുചിത്വ മിഷൻ 50 ശതമാനവും (പരമാവധി 1,00,000/- രൂപ) തദ്ദേശഭരണ സ്ഥാപനങ്ങൾ 50 ശതമാനവും നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** 100 ശതമാനം തുകയും ശുചിത്വ മിഷൻ വിഹിതമായി വകയിരുത്താൻ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ

(ii) കേന്ദ്രാവിഷ്കൃത പരിപാടി - സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകളിൽ പ്രോജക്ട് ഏറ്റെടുക്കുന്നത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തുകളിൽ കമ്മ്യൂണിറ്റിതല ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 2018-19-ലെ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം പരമാവധി ശുചിത്വ മിഷൻ സഹായം 75 ശതമാനമാണ് നിശ്ചയിച്ചി ട്ടുള്ളത്. ആയത് ശുചിത്വ കേരളം ഫണ്ട് , സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണെന്നും (പദ്ധതി കാലയളവിൽ പരമാവധി 20 ലക്ഷം) ഉത്തരവായിട്ടുള്ളതാണ്. എന്നാൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ ടി ഫണ്ട് 100% (സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം പരമവധി 20 ലക്ഷം രൂപവരെ) ഈ മേഖലയിലെ സ്ഥാപനതല, കമ്മ്യൂണിറ്റിതല പ്രോജക്ടുകൾക്ക് കേന്ദ്രാവിഷ്കൃ പരിപാടിയിൽ വകയിരുത്തി വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

(iii) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആശുപത്രികളിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷൻ മുഖേന 100% സർക്കാർ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്

നിലവിലെ സബ്സിഡി നിബന്ധന പ്രകാരം സ്ഥാപനതലത്തിൽ ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പരമാവധി ശുചിത്വ മിഷന് ധനസഹായം 50 ശതമാനമായി നിജപ്പെടുത്തിയിരുന്നു. ഇതിനു പകരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കിട്ടിയ ആശുപത്രികളിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷൻ മുഖേന 100% വരെ സർക്കാർ ധനസഹായം വകയിരുത്തുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ

### 4.13 മടവൂർ ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 11.07.2018-ലെ Plg- 220/18-19/DPC/DPO/തിരു.CC നമ്പർ കത്തും മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.07.2018-ലെ -A4-5061/2017-ാം നമ്പർ കത്തും 29.06.2018-ലെ 4(3) -ാം നമ്പർ ഭരണ സമിതി തീരുമാനവും**

പഞ്ചായത്ത് പി.എച്ച്.സിയ്ക്ക് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി MPLADയിൽ ആംബുലൻസ് അനുവദിച്ചിരിക്കുന്നു. എച്ച്.എം.സി. ഫണ്ട് ഇല്ലാത്തതിനാൽ ഇതിന്റെ ഇന്ധനച്ചെലവും ഡ്രൈവറുടെ വേതനവും പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും നേരിട്ട് വഹിക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** തനത് ഫണ്ട് ഉപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

### 4.14 നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 12.07.2018-ലെ Plg- 220/18-19/DPC/DPO/തിരു.CC നമ്പർ കത്തും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 10.07.2018-ലെ -BP2- 1181/2018/NDD നമ്പർ കത്തും (SRG 455/18)**

2018-19 വർഷം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ''നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2018-19 കലാഗ്രാമം - ആർട്സ് അക്കാദമി ആക്കി ഉയർത്തൽ- രൂപീകരണ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടം'' എന്ന പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. പ്രോ.നം. 14/19- അടങ്കൽ 12,45,000/- രൂപ . മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇതിനുപയോഗിക്കാവുന്നതല്ല എന്നു ചൂണ്ടിക്കാണിച്ച് ജില്ലാ ആസൂത്രണസമിതി അംഗീകാരം നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** സർക്കാർ വിട്ടു നൽകിയ സ്ഥാപനത്തിനാണ് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നത്. മുകളിൽ പറഞ്ഞ സ്ഥാപനം അപ്രകാരമല്ലാത്തതിനാൽ അനുമതി നിരസിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

## 4.15 മാങ്കുളം ഗ്രാമ പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2018-ലെ 370(2)/18/DPC/DPO/IDK നമ്പർ കത്തും മാങ്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.07.2018-ലെ A3-268/18-ാം നമ്പർ കത്തും (SRG 454/18)**

2018-19 വർഷിക പദ്ധതിയിൽ ആനക്കുളം സെന്റ് ജോസഫ് എൽ.പി. സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് 1,50,000/- രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ സ്കൂളിൽ കോഴിയറകുടി, അപ്പാറകുടി, ശേവൽകുടി എന്നീ പട്ടികജാതി സങ്കേതങ്ങളിലെ കുട്ടികളും പഠിക്കുന്നുണ്ടെന്ന് അതിനാൽ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പട്ടികവർഗ്ഗ കുട്ടികൾ കൂടി പഠിക്കുന്ന സ്കൂൾ ആയതിനാൽ പ്രത്യേക അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

## 4.16 താനൂർ ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ കളക്ടറുടെ 30.06.2018-400/18-19/DPC/DPO/MPM നമ്പർ കത്തും താനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.06.2018-ലെ D-2/2018-ാം നമ്പർ കത്തും (SRG 411/18)**

(i) ബ്ലോക്ക് പഞ്ചായത്ത് 2018-19-ൽ നൂതന പ്രോജക്ട് എന്ന ഗണത്തിൽപ്പെടുത്തി അടുക്കള നവീകരണം എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും (പ്രോ.നം.131/2018 - അടങ്കൽ15,40,000/-രൂപ) നൂതന പ്രോജക്ടിനുള്ള ജില്ലാതല സമിതി ഇതിന് അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങളും ചെലവും അടക്കമുള്ള വിശദാംശങ്ങൾ ഏതൊക്കെയെന്ന് പരിശോധിച്ച് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് നൽണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

(ii) അങ്കണവാടികൾ ശിശു സൗഹൃദമാക്കൽ എന്ന പ്രോജക്ട് നൂതന പ്രോജക്ടായി ഏറ്റെടുത്തിട്ടുണ്ട്.(പ്രോ.നം.88/19- അടങ്കൽ 6,45,400/- രൂപ) ഈ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് നടപ്പാക്കാൻ അനുമതിയില്ലാത്തതിനാലാണ് നൂതന പ്രോജക്ടായി ഏറ്റെടുത്തിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇത് നൂതന പ്രോജക്ടായി പരിഗണിക്കുന്നില്ല. മാർഗ്ഗരേഖയിലെ മറ്റ മാനദണ്ഡങ്ങൾ പാലിക്കണ മെന്ന നിർദ്ദേശത്തോടെ പ്രത്യേക അനുമതി നൽകുന്നു.

നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

### 4.17 പൊന്നാനി നഗരസഭ

**മലപ്പുറം ജില്ലാ കളക്ടറുടെ 30.06.2018-ലെ 400/2018-19/DPC/DPO/MPM നമ്പർ കത്തും പൊന്നാനി നഗരസഭാ സെക്രട്ടറിയുടെ 26.06.2018-ലെ P1-20973/17-ാംം നമ്പർ കത്തും(SRG 410/18)**

വയൽ, കാവ്, കണ്ടൽക്കാട്, കുളം എന്നിവ സംരക്ഷിക്കുന്ന കർഷകർക്ക് ധനസഹായമായി ഗ്രീൻ റോയൽറ്റി നൽകുന്നതിന് നൂതന പ്രോജക്ടായി 2.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാതല കമ്മിറ്റി ഇതിന് അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പരിസ്ഥിതി സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്ന തിനുള്ള ചെറിയ വകയിരുത്തൽ ഉള്ള പ്രോജക്ടായതിനാൽ അനുമതി നൽകുന്നു.

നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

### 4.18തെക്കുംകര ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.2018-ലെ 1257/2018/ RO1/DPM/ നമ്പർ കത്തും തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.06.2018-ലെ A2-2456/18- നമ്പർ കത്ത്(SRG 412/18)**

താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (i) | പച്ചക്കറി തൈ വിതരണം(വനിത) | പ്രോ.നം.6/19, | അടങ്കൽ 3,00,000/ രൂപ |
| (ii) | പച്ചക്കറി തൈ വിതരണം (എസ്.സി.എസ്.പി- വനിത) | പ്രോ.നം.7/19/ | അടങ്കൽ 50,000/- രൂപ |

ഈ പ്രോജക്ടിലൂടെ വിതരണം ചെയ്യുന്ന തൈകൾ മച്ചാട് വനിത കർഷക നഴ്സറി സംഘത്തിൽ നിന്നു വാങ്ങാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഇതിന്റെ ഗുണനിലവാരം കൃഷി ഓഫീസർ ഉറപ്പുവരുത്ത ണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

### 4.19 ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്

**ചിന്നക്കനാൽ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 23.02.2018-ലെ കത്തും 06.02.2018-ലെ 1/3-ാംം നമ്പർ ഭരണ സമിതി തീരുമാനവും (SRG 452/18)**

(i) പഞ്ചായത്തിലെ അങ്കണവാടികൾ എച്ച്.എം.എൽ കമ്പനി, ടാറ്റാ കമ്പനി എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവയ്ക്ക് 100 വർഷത്തിലേറെ പഴക്കമുണ്ട്. ഈ കെട്ടിടങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് സുരക്ഷ ഉറപ്പാക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് 2017-18

വർഷം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതി അംഗീകാരം നേടിയിട്ടുണ്ട്. കെട്ടിടങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് കമ്പനി നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. താഴെപ്പറയുന്നവയാണ് പ്രോജക്ടുകൾ

| ക്രമ നം | പ്രോജക്ടിന്റെ പേര് | പ്രോ.നം. | അടങ്കൽ |
|---|---|---|---|
| 1 | നാഗമല അങ്കണവാടി മെയിന്റനൻസ് | 75/18 | 3,00,000/- രൂപ |
| 2 | നടുപരട്ട് അങ്കണവാടി മെയിന്റനൻസ് | 78/18 | 3,00,000/- രൂപ |
| 3 | ഗുണ്ടുമല അങ്കണവാടി മെയിന്റനൻസ് | 82/18 | 50,000/- രൂപ |
| 4 | അപ്പർ സൂര്യനെല്ലി അങ്കണവാടി മെയിന്റനൻസ് | 77/18 | 4,00,000/- രൂപ |
| 5 | പവർഹൗസ് അങ്കണവാടി മെയിന്റനൻസ് | 79/18 | 3,00,000/- രൂപ |

**തീരുമാനം :-** ഈ കെട്ടിടം അങ്കണവാടിയുടെ പ്രവർത്തനത്തിന് തുടർന്നും നൽകുമെന്ന് കമ്പനി രേഖാമൂലം സമ്മതപത്രം നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്

(ii) പഞ്ചായത്തിലെ പ്രധാന തെരുവുകളിലൊന്നായ സൂര്യനെല്ലിയിൽ ടോയ് ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ശുചിത്വ മിഷന്റെ വിഹിതമായ 10.00 ലക്ഷം രൂപ ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 175/18) ഈ പ്രദേശത്ത് പഞ്ചായത്തിന് സ്വന്തമായി സ്ഥലം ഇല്ലാത്തതിനാൽ HML കമ്പനി ഇതിന് കെട്ടിടം പണിയുന്നതിന് നിരാക്ഷേപത്രം നൽകിയിട്ടുണ്ട്. സ്ഥലം വിട്ടു നൽകിയിട്ടില്ല. ടോയ് ലറ്റ് കേംപ്ലക്സ് പണിയാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ടോയ് ലറ്റ് കോംപ്ലക്സ് പൊതു ആവശ്യത്തിന് നൽകുമെന്ന് കമ്പനി സമ്മതപത്രം നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

### 4.20 ചക്കുപള്ളം ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ കളക്ടറുടെ 04.07.2018-ലെ 370/18/DPC/DPO/IDK നമ്പർ കത്തും ചക്കുപള്ളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.06.2018-ലെ A4-1585/17-ാം നമ്പർ കത്തും 26.06.2018-ലെ 1(3)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 443/18)**

താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പീൽ കമ്മിറ്റിയും അനുമതി നൽകിയിരുന്നില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

| ക്രമ നം | പ്രോ.നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 83/19 | ടോയ് ലറ്റ് മെയിന്റനൻസ് (ജനറൽ) | 6,00,000/- |
| 2 | 73/19 | ടോയ് ലറ്റ് മെയിന്റൻസ് (എസ്.സി.എസ്.പി) | 3,96,000/- |

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

**4.21 മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ കളക്ടറുടെ 05.07.2018-ലെ 53052/18/DPC/DPO/EKM നമ്പർ കത്തും മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.07.2018-ലെ A4-18/18-ാം നമ്പർ കത്തും 18.06.2018-ലെ 32(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 442/18)**

''ഗ്രാമപഞ്ചായത്ത് ഓഫീസ് നിർമ്മാണം'' എന്ന പ്രവൃത്തിക്ക് 2018-19-ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അടങ്കൽ 21,46,000/- രൂപ. പ്രോ.നം. 118/19. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.22 പൂവച്ചൽ ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 07.07.2018-ലെ Plg/220/18-19/DPC/DPO/TVPM നമ്പർ കത്തും പൂവച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.05.2018-ലെ A3-1568/18-ാം നമ്പർ കത്തും 10.04.2018-ലെ1(3)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG445/18)**

ഗ്രാമപഞ്ചായത്ത് 2018-19-ൽ താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | പ്രോ.നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 162/19 | പൊൻതരിവെട്ടം ഇൻഷ്വറൻസ് പദ്ധതി (ജനറൽ) | 15,00,000/- രൂപ |
| 2 | 163/19 | പൊൻതരിവെട്ടം ഇൻഷ്വറൻസ് പദ്ധതി (പട്ടികജാതി വിഭാഗം ) | 6,00,000/- രൂപ |

അഞ്ചു വയസ്സുവരെയുള്ള പെൺകുട്ടികൾക്ക് വേണ്ടിയുള്ള ഇൻഷ്വറൻസ് പദ്ധതിയാണ്. തുടർന്ന് 15 വർഷം ഇൻഷ്വറൻസ് പ്രീമിയം പഞ്ചായത്ത് അടയ്ക്കുന്നു. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.23 റാന്നി ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.07.2018-ലെ RO1-415/18/DPC/DPO/PTAനമ്പർ കത്ത് (SRG 435/18)**

താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾ നിർവഹണം നടത്താൻ അനുമതി സംബന്ധിച്ച്

(1) ആധുനിക ശ്മശാന നിർമ്മാണം - വിഹിതംകൈമാറൽ } പ്രോ.നം.3/2019 അടങ്കൽ 10.00 ലക്ഷം രൂപ

റാന്നി, റാന്നി -പഴവങ്ങാടി, റാന്നി - അങ്ങാടി , ചെറുകോൽ എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നിർമ്മിക്കുന്ന ക്രിമിറ്റോറിയത്തിന് ഓരോ പഞ്ചായത്തും 20.00 ലക്ഷം രൂപ വീതം റാന്നി-പഴവങ്ങാടി ഗ്രാമപഞ്ചായത്തിന് നൽകണമെന്ന് തീരുമാനിച്ചിരുന്നു. 2017-18-ൽ 10.00 ലക്ഷം രൂപ കൈമാറി. ശേഷിക്കുന്ന 10.00 ലക്ഷം രൂപ നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

(ii) അങ്കണവാടി വർക്കർമാർക്ക് അധിക ഹോണറേറിയം } പ്രോ.നം. 29/2019 അടങ്കൽ 4.32ലക്ഷം രൂപ

2017-18-ൽ അങ്കണവാടി പ്രവർത്തകർക്ക് നൽകേണ്ട കുടിശ്ശിക ഉദ്ദേശിച്ചുകൊണ്ടുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്

## 4.24 കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ കളക്ടറുടെ 27.06.2018-ലെ 360/18/DPC/DPO/KANNURനമ്പർ കത്തും കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.06.2018-ലെ A2-10/18/ നമ്പർ കത്ത്**

പഞ്ചായത്തിൽ മഴൂർ ഗവ.എൽ.പി. സ്കൂളിന് ഓഡിറ്റോറിയം നിർമ്മാണത്തിന് പ്രോജക്ട് ഈ വർഷം തയ്യാറാക്കിയിട്ടുണ്ട്. പ്രോ.നം.125/19. അടങ്കൽ 4,00,000/ രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്). ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഈ ആവശ്യത്തിന് ഉപയോഗിക്കാവുന്നതല്ല എന്ന് ചൂണ്ടിക്കാട്ടി ജില്ലാ ആസൂത്രണസമിതി പ്രോജക്ട് നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രോജക്ട് സ്കൂളിന്റെ ഓഡിറ്റോറിയം നിർമ്മാണത്തിനായ തിനാൽ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

## 4.25 കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ കളക്ടറുടെ 05.07.2018-ലെ 53052/18/DPC/DPO/EKM നമ്പർ കത്തും കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2018-ലെ A2-800/18- നമ്പർ കത്തും (SRG 441/18)**

തെരുവുവിളക്ക് പരിപാലനം (പ്രോ.നം. 32/18) എന്ന പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. തൊഴിലാളികളെ കരാർ വ്യവസ്ഥയിൽ നിയമിച്ച് തെരുവുവിളക്ക് പരിപാലനം നടത്താനാണ് ഉദ്ദേശിക്കുന്നത്. പ്രവൃത്തി ചെയ്യാത്ത ദിവസങ്ങളിലും കൂലി നൽകുന്നു എന്ന കാരണത്താൽ ജില്ലാ ആസൂത്രണസമിതി പ്രോജക്ടിന് അംഗീകാരം നൽകിയില്ല. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.26 ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്**

**ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.07.2018-ലെ A3-200/18-ാം നമ്പർ കത്ത്**

പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ലാപ് ടോപ് വാങ്ങാനുള്ള പ്രോജക്റ്റ് (അടങ്കൽ 1,01,000/- രൂപ റ്റി.എസ്.പി വിഹിതം ) അബദ്ധവശാൽ സുലേഖ സോഫ്റ്റ് വെയറിൽ ഡിലിറ്റ് ആയി. ഇത് ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇതിന് ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട്ടും തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറോട്ടും നിർദ്ദേശിക്കുന്നു

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം
3) ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ

**4.27 ആർട്ടിസാൻസ് ഡെവലപ്മെന്റ് കോഓപ്പറേറ്റീവ് ലിമിറ്റഡ്**

**ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ 26.06.2018-ലെ GEN/ARTCO/213/18-19-ാം നമ്പർ കത്ത്**

'ആർട്ട്കോ' യിലെ ഉല്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് അനുമതി നൽകണമെന്നും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഫർണിഷിംഗ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ARTCO യെ നോഡൽ ഏജൻസിയായി അംഗീകരിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** അംഗീകരിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.28 ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 17.07.2018-ലെ KGPAKM/FRI 208071702 -ാം നമ്പർ കത്ത്**

മുൻവർഷം ലാഭകരമായ സഹകരണസംഘങ്ങൾക്കു മാത്രമേ നിലവിൽ സാമ്പത്തിക സഹായം നൽകാൻ കഴിയുന്നുള്ളൂ. ഇത് ഒഴിവാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** സാമ്പത്തിക സഹായം നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് നെറ്റ് പ്രോഫിറ്റ് വേണമെന്നില്ല. തൊട്ടു മുമ്പുള്ള ഒരു വർഷമെങ്കിലും പ്രവർത്തനലാഭമുണ്ടാകണമെന്നേയുള്ളൂ. മാർഗ്ഗരേഖ യിലെ ഈ നിബന്ധന പാലിക്കേണ്ടതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.29 ബഹു. തൃക്കരിപ്പൂർ എം.എൽ.എ.യുടെ 08.06.2018-ലെ കത്തും പീലിക്കോട് ഗ്രാമകിരണം സ്ട്രീറ്റ് ലൈറ്റ് & എൽ.ഇ.ഡി നിർമ്മാണ പരിപാലന യൂണിറ്റ് സെക്രട്ടറിയുടെ 20.06.2018-ലെ കത്തും.**

കാസറഗോഡ് കുടുംബശ്രീ ജില്ലാമിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമകിരണം സ്ട്രീറ്റ് ലൈറ്റ് & എൽ.ഇ.ഡി. നിർമ്മാണ യൂണിറ്റിൽ നിന്നും ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉപകരണം വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഈ സ്ഥാപനത്തിന്റെ ഉല്പന്നത്തിന്റെ സാമ്പിളിന്റെ ഗുണനിലവാരം സംബന്ധിച്ച് ഏറ്റവും അടുത്തുള്ള സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സാക്ഷ്യപത്രം വാങ്ങണം എന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**4.30 കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 25.06.2018-ലെ 220/18-19/DPC/DPO/TVPM/നമ്പർ കത്തും കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21.06.2018-ലെ BP3/153/17/KMR നമ്പർ കത്തും**

2018-19-ൽ " ലൈഫ് - ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതം " എന്ന പേരിലുള്ള പ്രോജക്ടിൽ 1,34,94,000/- രൂപ (പ്രോ.നം. 73/19- SCSP) ഭവന നിർമ്മാണത്തിന് വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് (SCSP) പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ 2017-18-ൽ 80 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. ഈ സ്ഥലത്ത് ഭവന സമുച്ചയം നിർമ്മിക്കാനും ചുറ്റമതിൽ നിർമ്മിക്കാനും നിർമ്മാണം കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കാനും അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**4.31 എടവണ്ണ ഗ്രാമപഞ്ചായത്ത്**

**എടവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.07.2018-ലെ A1-9882/18-ാം നമ്പർ കത്ത്**

പഞ്ചായത്ത് സ്പിൽ ഓവർ പ്രോജക്ട് കൂടി ഉൾപ്പെടുത്തി 2018-19-ലെ വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചു. എന്നാൽ സ്പിൽ ഓവർ കാറ്റഗറി -2-ൽ ഉൾപ്പെടുത്തേണ്ട ചില പ്രോജക്ടുകൾ കാറ്റഗറി 1-ൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പിശക് പരിഹരിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** അനുമതി നൽകുന്നു.ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ ഇതിനുവേണ്ട ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യേണ്ടതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

(യോഗം ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിച്ചു)

*******